അപാകതകളില്ലെങ്കിൽ ഒരുദിവസം മുതൽ 30 ദിവസത്തിനുള്ളിൽ നൽകും. അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചശേഷം പരമാവധി 30 ദിവസത്തിനുള്ളിൽ നൽകും. കേരളത്തിന് പുറത്തുള്ള, അതായത് മറ്റ് സ്റ്റേറ്റുകളിലുള്ളവർക്ക് 30 ദിവസത്തിനുള്ളിൽ നൽകും. വിദേശരാജ്യങ്ങളിൽ പഠിച്ചുവരുന്നവർക്കാണ് ചില നടപടിക്രമങ്ങൾ കൂടുതലുള്ളത്. എന്തായാലും ഇക്കാര്യം വളരെ ഗൗരവത്തോടുകൂടിത്തന്നെ പരിശോധിക്കും. യാതൊരു വേർതിരിവുമില്ലാത്ത രീതിയിൽ രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

11. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറ്റ് തസ്തിക

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഏക സർക്കാർ ആശുപത്രിയാണ് മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. 2009-ൽ ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുവെങ്കിലും ഇതുവരെയും അതിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ല. 116 കിടക്കകളുള്ള ഈ ആശുപത്രിയിൽ ദിവസേന എണ്ണൂറും ആയിരത്തിനുമിടയിൽ രോഗികൾ ചികിത്സയ്ക്ക് വരുന്നുണ്ട്. ഇവിടെ സ്ഥിരമായി കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്താത്തതുകൊണ്ട് രോഗികൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. അടിയന്തരഘട്ടങ്ങളിൽ, സാധാരണക്കാരായ പാവപ്പെട്ട രോഗികൾ മറ്റ് പ്രൈവറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സ്ഥിതിയാണുള്ളത്. പ്രത്യേകിച്ച്, മഴക്കാല പൂർവ്വരോഗങ്ങൾ, പനി ഉൾപ്പെടെയുള്ള രോഗങ്ങൾ ഇന്ന് പടർന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ രോഗികൾ ആശുപത്രിയിലെത്തിയാൽ ഡോക്ടർമാരില്ലാതെ തിരിച്ചുപോകേണ്ട സ്ഥിതിയാണ് ഈ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ളത്. ഇവിടെ നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയെങ്കിലും സൃഷ്ടിച്ചാൽ മാത്രമേ സ്ഥിരമായി കാഷ്വാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഈ വിഷയം സഭയിൽ പലതവണ ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ ഇതുവരെ ഇതിന് പരിഹാരമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ തടസ്സമാണ് ഇതിന് പ്രധാന കാരണമെന്നും പറയുന്നുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആശുപത്രിക്കാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നതിനും പണം ചെലവഴിക്കുന്നതിനെ സംബന്ധിച്ചും ഒരു പ്രത്യേക പരിഗണന നൽകണമെന്നാണ് എനിക്ക് സർക്കാരിനോട് ആവശ്യപ്പെടാനുള്ളത്. ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിൽ, എത്രയുംവേഗം കാഷ്വാലിറ്റിയിൽ നാല് മെഡിക്കൽ ഓഫീസറുടെ തസ്തിക സൃഷ്ടിക്കാനും അതിനെടുക്കുന്ന കാല

LIBRARY ARCHIVES Kerala Legislative Assembly

താമസത്തിനുള്ളിൽ, എൻ.ആർ.എച്ച്.എം.-ൽനിന്ന് ഡോക്ടർമാരെ നിയമിക്കാനും ഗവൺമെന്റ് തീരുമാനമെടുക്കണം. എൻ.ആർ.എച്ച്.എം. വഴി നിയമിക്കപ്പെടുന്ന പല ഡോക്ടർമാരും കാഷ്വാലിറ്റിയിൽ വർക്ക് ചെയ്യാൻ തയ്യാറാകുന്നില്ല എന്നൊരു സ്ഥിതി നിലനിൽക്കുകയാണ്. സ്ഥിരം ഡോക്ടമാർ വരുന്നതുവരെ എൻ.ആർ.എച്ച്.എം. ഡോക്ടർമാരെകൊണ്ട് നിർബന്ധിതമായും കാഷ്വാലിറ്റിയിൽ ജോലി ചെയ്യിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 116 കിടക്കകൾ അനുവദിച്ചിട്ടുള്ള മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ശരാശരി ഐ.പി. നമ്പറും ഒ.പി. ആയിരത്തോളവുമാണ്. കൂടാതെ, ന്യൂ ബോൺ കെയർ യൂണിറ്റിലും പ്രസവവാർഡിലുള്ള പുതിയ കെട്ടിടം സജ്ജമാക്കിയതിലും ഉൾപ്പെടെ 40 കിടക്കകളുടെ സൗകര്യവുമുണ്ട്. ഈ ആശുപത്രിയിൽ നാല് മെഡിക്കൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിൽ ഇപ്പോൾ ഏകദേശം 35-ഓളം താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി പ്രവർത്തിക്കുന്നതിനായി തുക ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. 131-ഓളം ഡോക്ടർമാരെ കാഷ്വാലിറ്റിയിൽ നിയമിച്ചു കൊണ്ട് കാഷ്വാലിറ്റി സംവിധാനം ശക്തമാക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ പ്രൊപ്പോസൽ ഉടനെ വരുന്നതാണ്. ഈ ഒരു സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് പ്രസ്തുത ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

VI മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) പ്രകാരം

1. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3863, പത്താം സമ്മേളനത്തിലെ 4132, പന്ത്രണ്ടാം സമ്മേളനത്തിലെ 822, 826, 2664, 2671, 2672 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

LIBRARY ARCHIVES Kerala Legislative Assembly